പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5807

25/05/2017 ൽ മറുപടിക്ക്

## ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അനിൽ അക്കര<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിലായ പൊതുമേഖല സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ആധാരമാക്കിയ പഠനം ഏതാണ്;ആ പഠനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കമോ; | എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ മാസത്തെയും പ്രവർത്തനം സംബന്ധിച്ച വിവരം സർക്കാരിന് നൽകുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന ഇൻറർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം 10-ാം തീയതിക്കുമുൻപ് റിയാബിൽ ലഭിക്കുകയും ചെയ്തുവരുന്നു. ഈ റിപ്പോർട്ടിൽ കമ്പനികളുടെ അതാത് മാസത്തെ വിറ്റുവരവും, ഉൽപ്പാദന ചെലവുകളും, ലാഭനഷ്ടക്കണക്കുകളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നു. |
| ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ കണക്കാക്കുന്നതിനായുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിരുന്നുവോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള 31-03-2017-ൽ അവസാനിച്ച സാമ്പത്തിക വർഷമായ 2016-17ലെ കണക്കുകളുടെ ആഡിറ്റുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പൊതുമേഖലാസ്ഥാപനങ്ങളുടെ ആഡിറ്റുകൾ |

യഥാസമയം നടത്തുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനവും റിയാബ് മുഖേന നടത്തിവരുന്നു. എന്നിരുന്നാലും ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളിൽ അക്കൗണ്ട്സ് വാർഷിക പൊതുയോഗത്തിൽ വച്ച് അംഗീകരിക്കുന്നതിലുള്ള താമസവും, മറ്റുചില സാങ്കേതിക കാരണങ്ങളാലും ചില കമ്പനികളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് തീർക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ഇത് പരിഹരിക്കുന്നതിനായി വകുപ്പുതലത്തിൽ വിവിധ ഇടപെടലുകൾ നടന്നുവരുന്നു. അതുകൂടാതെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന് ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ വ്യവസായ വകുപ്പ് സെക്രട്ടറി തലത്തിൽ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു.

സി) ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലായതായി സർക്കാർ വെളിപ്പെടുത്തിയത് എന്നറിയിക്കാമോ?

സി) ഇന്റർനെറ്റ് അധിഷ്ഠിത വെബ് പോർട്ടലിലൂടെ ലഭിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ടിലെ വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് റിയാബ് ഈ സ്ഥാപനങ്ങളുടെ ആഡിറ്റിനുമുൻപുള്ള ലാഭനഷ്ടക്കണക്കുകൾ വിലയിരുത്തുന്നത്. അതാത് മാസങ്ങളിലെ കണക്കുകൾ അക്കൗണ്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾ ഈ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നത്.

Bindumol. K.N

സെക്ഷൻ ഓഫീസർ